# Signing of the India-Japan Memorandum of Cooperation on Specified Skilled Workers

January 18, 2021

---

## പ്രത്യേക കഴിവുകളുള്ള തൊഴിലാളികളുമായുള്ള സഹകരണം സംബന്ധിച്ച് ഇന്ത്യയും ജപ്പാനും തമ്മിൽ ഒപ്പു വയ്ച്ചിട്ടുള്ള ഉടമ്പടി

ജനുവരി 18, 2021

1.'പ്രത്യേക കഴിവുകൾ ഉള്ള തൊഴിലാളികളെ' (SSW) സംബന്ധിക്കുന്ന സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായുള്ള പങ്കാളിത്തത്തിലെ അടിസ്ഥാന ഘടനയ്ക്കുവേണ്ടി ഇന്ത്യയുടേയും ജപ്പാന്റെയും ഭരണകൂടങ്ങൾ തമ്മിൽ രൂപീകരിച്ച സഹകരണ ഉടമ്പടിയിൽ (MoC),2021 ജനുവരി 18 നു ന്യൂഡൽഹിയിൽ, ഇന്ത്യൻ വിദേശകാര്യ സെക്രട്ടറിയായ ശ്രീ ഹർഷ് വർധന ശൃംഗളയും, ഇന്ത്യയിലേക്കുള്ള ജപ്പാൻ അംബാസിഡറായ ശ്രീ സുസുക്കി സറ്റോഷിയും ഒപ്പ് വച്ചു.

2. ഇന്ത്യയിൽ നിന്നും ജപ്പാനിലേക്ക് ഇത്തരം പ്രത്യേക വിഭവശേഷിയുള്ള തൊഴിലാളികളെ എത്തിക്കുന്നതിന് ഈ ഉടമ്പടി സഹായകമാകുന്നു. ഉടമ്പടിയിൽ പരാമർശിച്ചിരിക്കുന്ന പ്രത്യേക കഴിവുകൾ ഉപയോഗിക്കേണ്ട 14 വിഭാഗങ്ങളിൽ ജപ്പാനിൽ താത്കാലിക നിയമനത്തിൽ ജോലിചെയ്യുന്നതിനു, ഇന്ത്യയിൽ നിന്നുള്ളവർ ആവശ്യമായ കഴിവുകളും ജാപ്പനീസ് ഭാഷാപ്രാവീണ്യവും സംബന്ധിച്ചുള്ള പരീക്ഷകൾ നേരിടേണ്ടതായി വരും. 14 വ്യവസായ മേഖലകളിൽ നേഴ്സിങ് പരിചരണം, കെട്ടിടപരിപാലനം, മെറ്റീരിയൽ സംസ്കരണം, വ്യവസായ മെഷീനുകളുടെ നിർമാണം,ഇലക്ട്രിക് ഇലക്ട്രോണിക് വിവര വിനിമയം, നിർമാണം, കപ്പൽ നിർമാണവും കപ്പലുമായി ബന്ധപ്പെട്ട മേഖലകളും, വമണിക മേഖല, താമസം, കാർഷിക, മത്സ്യമേഖല, ഭക്ഷണ പാനീയ മേഖല കൂടാതെ ഭക്ഷണ സേവന മേഖല എന്നിവ ഉൾപ്പെടുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് 'പ്രത്യേക കഴിവുകളുള്ള ജോലിക്കാർ ' എന്ന തസ്തിക ജപ്പാൻ നൽകുന്നതാണ്. ഈ ഉടമ്പടിയ്ക്കു കീഴിൽ ജപ്പാനിലെത്തുന്ന ഇന്ത്യയിൽ നിന്നുള്ള കഴിവുകളുള്ള ജോലിക്കാർക്ക് തൊഴിൽ സംബന്ധമായി പുതിയ കഴിവുകളും നേടാനാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഈ പ്രോഗ്രാമിന്റെ പ്രവർത്തന വിവരങ്ങളും സുഗമമായ നടത്തിപ്പും കൊണ്ടുവരുന്നതിനായി സമീപഭാവിയിൽ തന്നെ ഇരു രാജ്യങ്ങളിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രവർത്തന ഗ്രൂപ്പ് (JWG) രൂപീകരിക്കുന്നതാണ്.

3.വിഭവ ശേഷി വികസനത്തിന്റെ മേഖലയിൽ ഇന്ത്യയും ജപ്പാനും തമ്മിലുള്ള സഹകരണം കഴിഞ്ഞ കുറച്ചു വർഷങ്ങളായി ദൃഢപെടുത്തിയിരുന്നു.2016 ൽ ഇരു രാജ്യങ്ങളും തമ്മിൽ ഒപ്പു വച്ച 'മാനുഫാക്ച്ചറിങ് സ്കിൽ ട്രാൻസ്ഫർ പ്രൊമോഷൻ പ്രോഗ്രാമിലൂടെ' ഇന്ത്യയിലൂടെ നീളമുള്ള 30,000 ത്തിൽ അധികം ആളുകൾ 10 വർഷങ്ങളിലായി , ജപ്പാൻ -ഇന്ത്യ ഇൻസ്റ്റിറ്റിയൂട്ട്സ് ഫോർ മാനുഫാക്ച്ചറിങ് (JIM), ജാപ്പനീസ് എൻഡോവ്ഡ് കോഴ്സുകൾ (JEC) എന്നിവയിലൂടെ ജാപ്പനീസ് രീതിയിലുള്ള നിർമാണ കഴിവുകളും പരിചയവും സ്വായത്തമാക്കുന്നു. ഇന്ന് വരെ 13 JIIM കൾ, 5 JEC കൾ എന്നിവ പ്രവർത്തനക്ഷമമായിട്ടുണ്ട്. 2017 ൽ, ഇന്ത്യയിലെ യുവ തലമുറയ്ക്ക് ജപ്പാനിലെ നിർമാണം, ആരോഗ്യ പരിപാലനം, തുണിത്തരം, കാർഷികം എന്നിവയുൾപ്പെടുന്ന

വൈവിധ്യമാർന്ന വ്യവസായ മേഖലകളിൽ ഇന്റേൺഷിപ്പ് നേടുന്നതിനായി ഇരു രാജ്യങ്ങളും തമ്മിൽ 'ടെക്നിക്കൽ ഇന്റേൺ ട്രെയിനിങ് പ്രോഗ്രാം' ഒപ്പു വച്ചിരുന്നു. പ്രത്യേക കഴിവുകൾ ഉള്ള തൊഴിലാളികളെ സംബന്ധിച്ച് ഒപ്പ് വച്ച സഹകരണ ഉടമ്പടി വിഭവ ശേഷി വികസന മേഖലയിലെ ഇന്ത്യ -ജപ്പാൻ സഹകരണത്തിന്റെ മുന്നോട്ടുള്ള മറ്റൊരു ചുവടാണ്.

4. ഒപ്പു വയ്ക്കുന്ന ചടങ്ങിൽ സ്കിൽ ഡെവലപ്മെന്റ് ഓന്റർപ്രെന്യൂർഷിപ് വകുപ്പ് സെക്രട്ടറി ശ്രീ പ്രവീൺ കുമാർ, ജപ്പാൻ എംബസി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**ന്യൂ ഡൽഹി**
**18 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.